# മയിൽപ്പീലി




## ഗവൺമെന്റ് മുഹമ്മദൻസ് എച്ച് എസ്

## കൊല്ലകടവ്

### ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

ചീഫ് എഡിറ്റർ : സലീന എം ആർ

: അരുൺ ജി

സബ് എഡിറ്റർ : ഷിബിന വി എ

എഡിറ്റോറിയൽ

ബോർഡ് :



: അർജ്ജുൻ എസ് പി

: ആസിഫ്

: നെഹല

:അൽഫിയ

:അജാസ്

# ആമുഖം

**ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ**

**ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു**



# ഓണാഘോഷം





# കേരളപ്പിറവി ആഘോഷം






# ശ്രദ്ധ ഉദ്ഘാടന സമ്മേളനം





# Tolstoy farm

MERIYAN STD8



as the farm grew, towas
found necessary
make some provision for the
education of its boys and
girls. There were among
these hindu, musalman,
parsi and christian boys
and some hindu girls. It was
not possible, and I did not
think it necessary, to engage
special teachers for them. It
was not possible for qualified
indian teachers were scarce,
and evenwhen available

HANANA STD 7

# ഹാപ്പി ബെർത്ത് ഡേ!




കാട്ടിനകത്തെ കരടിക്കുട്ടന്
ഹാപ്പി ബെർത്ത് ഡേ മേളാങ്കം
ആർപ്പും വിളിയും പാട്ടും കൂത്തും
ആകപ്പാടൊരു മേളാങ്കം!
കാട്ടിന്നുള്ളിൽ കെട്ടിയൊരുങ്ങിയ
കൂറ്റൻ പന്തല് കണ്ടില്ലേ?
ഗിഫ്റ്റുകളൊത്തിരി മുതുകത്തേറ്റി
കഴുതകളൾ വന്നു മുന്നാലെ
ഏത്തക്കുലയും കൊമ്പിൽ തൂക്കി
കൊമ്പനുമെത്തി പിന്നാലെ.
കോട്ടും സൂട്ടും ടൈയും കെട്ടി
കരടിക്കുട്ടൻ റെഡിയായി
ഹാപ്പിയിലങ്ങനെ കേക്കു മുറിച്ചു
പന്തലിലാഹാ പൊടിപൂരം

**AFIYA STD 7**

# കോക്കും പീക്കോക്കും




പണ്ടൊരു കോക്കും പീക്കോക്കും
തമ്മിൽ തമ്മിൽ കലഹിച്ചു.
കൊക്കര കൊക്കര കൊക്കൊക്കോ
കോക്കുപറഞ്ഞു ഗമയോടെ
എനിക്കു ഗോൾഡൻ കളറുണ്ട്
എന്നുടെ തലയിൽ ഫ്ളവറുണ്ട്.
ഭംഗിയെഴുന്നോൻ ഞാനല്ലോ
കിംഗിനു തുല്യൻ ഞാനല്ലോ!



ഇതുകേട്ടപ്പോൾ പീക്കോക്കും
പീലിവിടർത്തീട്ടരിയാടി
എനിക്കു മഴവിൽക്കളറുണ്ട്
എന്നുടെ തലയിൽ ക്രൗണുണ്ട്
ഭംഗിയെഴുന്നോൻ ഞാൻ തന്നെ
കിംങ്ങിനുതുല്യൻ ഞാൻ തന്നെ
കലഹം മൂത്തു കലപിലയായ്
കൊത്തും മാന്തും തകൃതിയിലായ്
കോക്കിൻ തലയിലെ ഫ്ലവറും പോയ്
പീക്കോക്കിന്നോ ക്രൗണും പോയ്
കോക്കു പതുക്കെ തലതാഴ്ത്തി
പീക്കോക്കുടനെ തടിതപ്പി
തമ്മിൽ തമ്മിൽ കലഹിച്ചാൽ
ഇതുതാനല്ലോ ഫലമെന്നും



# Bang the Drum

*You and I*
*Together we reach for the sky*
*It's not about winning*
*It's not all about playing the game*
*From the East*
*From the West*
*Each of us trying our best*
*Chasing a dream*
*Burning to follow the flame*
*Bang the Drum a little louder*
*So the whole world can hear*
*the whole world can hear*
*Sing the song a little louder*
*So the whole world can hear*
*the whole world can hear*
*From near*
*From far*
*it's clear, wherever you are*

*This is your moment*
*Your time to run like the wind*
*Dream big*
*Aim high*
*Even believe you can fly*
*Give it your all*
*Let the Games begin*
*Bang the Drum a little louder*
*So the whole world can hear*
*the whole world can hear*
*Jump up a little higher*
*So the whole world can see ya*
*the whole world can see ya*
*Sing the song a little louder*
*so the whole world can hear*
*the whole world can hear*
*Bang the Drum a little louder*
*For the whole world to hear*
*the whole world to hear*
*Bang the Drum a little louder*
*So the whole world can hear*
*the whole world can hear*
*Sing the song a little louder*
*So the whole world can hear*
*the whole world can hear (Repeat)*

*Bang the Drum!*

SETHU STD 6

# പച്ചത്തത്ത പനന്തത്ത

തത്തിത്തത്തി വരുന്നുണ്ടല്ലോ
പച്ചത്തത്ത പനന്തത്ത
അത്തിമരത്തിൻ പൊത്തിൽ പാർക്കും
മെച്ചമെഴുന്ന പനന്തത്ത
പച്ചപ്പട്ടിൻ പുത്തനുടുപ്പിതു
കാണാനെന്തൊരു ചേലാണ്
കഴുത്തിലുള്ളൊരു ചെമ്പട്ടുറുമാൽ
കാണാനെന്തൊരു രസമാണ്
വിത്തും കൊത്തി വരുന്നുണ്ടല്ലോ
പച്ചത്തത്ത പനന്തത്ത
ചൂളം കൊത്തിപ്പാറി നടക്കും
ചേലേറുന്ന പനന്തത്ത
വളഞ്ഞ ചുണ്ടിൽ ചുവന്ന ചായം
പൂശിയതേതു കലാലാരൻ?
തെളിഞ്ഞ കണ്ണിൽ കറുത്തമഷികൊ-
ണ്ടെഴുതിയതേതു കലാകാരൻ



സന ക്ലാസ് 4

# വീട്ടുമൃഗങ്ങൾ



പാലിനു വേണ്ടിപ്പോറ്റി വളർത്തും
വീട്ടുമൃഗങ്ങൾ ഏതെല്ലാം ?
ആടും പശുവും എരുമയുമാണതു
മറന്നിടല്ലേ കുഞ്ഞുണ്ണീ
വീട്ടിൽ നമ്മൾ പരിപാലിക്കും
മറ്റുമൃഗങ്ങൾ ഏതെല്ലാം ?
പട്ടീംപൂച്ചയുമക്കൂട്ടത്തിൽ
മിടുക്കരാണേ കുഞ്ഞുണ്ണീ
നമ്മൾക്കായിപ്പണികൾ ചെയ്യും
മറ്റു മൃഗങ്ങൾ ഏതെല്ലാം ?
കാളേം കുതിരേം കഴുതയുമെല്ലാം
പണികൾ ചെയ്യും കുഞ്ഞുണ്ണീ
എന്നിട്ടും നാം അവയോടെല്ലാം
സ്നേഹം കാട്ടാറില്ലല്ലോ ?
മിണ്ടാപ്രാണികളവയോടു നമ്മൾ
ദയ കാട്ടേണം കുഞ്ഞുണ്ണീ

# പുത്തൻചിറയിലെ മത്തങ്ങ



ഒന്നിനു കൂട്ടായ് -ഓമക്ക

ഒല്ലൂക്കരയിലെ -ഓമക്ക

രണ്ടിനു കൂട്ടായ് -വെണ്ടക്ക

വണ്ടൻമേട്ടിലെ -വെണ്ടക്ക

മൂന്നിനു കൂട്ടായ് -മുള്ളങ്കി

മുള്ളൂർക്കരയിലെ -മുള്ളങ്കി

നാലിനു കൂട്ടായ് -നാരങ്ങ

നാലാഞ്ചിറയിലെ -നാരങ്ങ

അഞ്ചിനു കൂട്ടായ് -മലയിഞ്ചി

പുഞ്ചക്കടവിലെ -മലയിഞ്ചി



ആറിനു കൂട്ടായ് -ആത്തക്ക

ആറന്മുളയിലെ -ആത്തക്ക

ഏഴിനു കൂട്ടായ് -ഏത്തക്ക

ഏഴിക്കരയിലെ -ഏത്തക്ക

എട്ടിനു കൂട്ടായ് -പൊട്ടറ്റോ

മാട്ടുപുറത്തെ -പൊട്ടറ്റോ

ഒമ്പതിനു കൂട്ടായ് -ചാമ്പയ്ക്ക

തമ്പാനൂരിലെ -ചാമ്പയ്ക്ക

പത്തിനു കൂട്ടായ് -മത്തങ്ങ

പുത്തൻചിറയിലെ -മത്തങ്ങ

മുഹമ്മദ് നാസിം ക്ലാസ് 1

# തത്തമ്മയും പൂച്ചയും





അത്തിപ്പഴവും കൊത്തി വരുന്നു
പൊത്തിനകത്തെ തത്തമ്മ
തത്തിത്തത്തി നടന്നു വരുന്നൂ
തിത്തോ തരികിട തത്തമ്മ
അത്തിപ്പഴമതു തട്ടിയെടുക്കാൻ
തക്കം നോക്കണ് കാക്കമ്മ
തത്തയെ നോക്കി കുത്തിയിരിക്കണ്
തൊട്ടരികത്തൊരു പൂച്ചമ്മ

ഷിദ ക്ലാസ് 3

# മഴവില്ലും മാളൂട്ടിയും



മയിലുകളെല്ലാം പീലി നിവർത്തി-
ക്കളിയാടുന്നൊരു നേരത്ത്
വാർമഴവില്ലിനെ മാടി വിളിച്ചു
കുന്നിൻ ചെരുവിലെ മാളൂട്ടി
മധുരക്കാവടിയേന്തി വരൂ നീ
വാനിൽനിന്നും മഴവില്ലേ
ഇത്തിരിനേരം നമ്മൾക്കൊന്നായ്
നൃത്തം വയ്ക്കാം വന്നാട്ടെ

# കണ്ണന്റെ അമ്മ



കണ്ടോ കണ്ണനെ ? കണ്ണും ചുവന്നമ്മ

കാട്ടിൽ തേടി നടക്കുന്നു;

'കണ്ടില്ല ഞങ്ങൾ കണ്ടില്ലാ'കരി-

വണ്ടും തുമ്പിയും മൂളുന്നു.

'കണ്ടില്ല ഞങ്ങൾ കണ്ടില്ല' മലർ-

ച്ചെണ്ടുകൾ മിണ്ടാതെ നിൽക്കുന്നു.

കണ്ടിട്ടേയില്ല ഞാനെന്നു പേടമാൻ

കണ്ണും നീട്ടിത്തിരിയുന്നു.

കണ്ണനീകാട്ടിലേ വന്നില്ല! കൊച്ചു

കാളിന്ദിയോളങ്ങൾ തുള്ളുന്നു.

കഴലു കഴച്ചു വലഞ്ഞപ്പോളമ്മ

തിരിയെപ്പോവാൻ തുടങ്ങുന്നു

അഭിരാമി ക്ലാസ് 6

# എന്റെ തോട്ടം



തീപ്പിടിച്ച പോലുള്ള വെയിലിൽ
വേർപ്പൊഴുക്കി ഞാൻ വിത്തു വിതച്ചാൽ
വാനത്തിന്റെ വലിയ വയലിൽ
വാർമുകിലതു കാണവാനെത്തും
വേനൽച്ചൂടിനന്നെന്റെ പറമ്പിൽ
നൂണകയറാൻ കഴിഞ്ഞില്ല തെല്ലും
വാഴകളുടെ സമ്മതം വേണം
വായുവിന്നും വളപ്പിൽ കടക്കാൻ
പത്തുകൊട്ട വളത്തിനതിന്റെ
പത്തിരട്ടി ഫലങ്ങളുമായി
മത്തകുമ്പളമെന്നിവയെല്ലാം
ഒത്തതായെന്റെ കായ്കറിത്തോട്ടം
മൺകുടവുമായി തോട്ടത്തിലെത്താൻ
എൻ കുടുംബിനി ചെറ്റു വൈകിച്ചാൽ
പൊൻകുറിയിട്ട വെള്ളരിവള്ളി
സങ്കടത്താൽ തലതാഴ്ത്തി നിൽക്കും

സ്നേഹ ക്ലാസ് 8

# നക്ഷത്രവും പൂവും




നക്ഷത്രമൊന്നിനെക്കാട്ടി - വാനം
മുക്കറ്റിയോടു ചോദിച്ചു.
ഉണ്ടോ ഒരണ്ണമിവ്വണ്ണം - നിന
ക്കെന്നോടു മത്സരം കൂടാൻ
താണുപോയല്ലോ ശിരസ്സ് - ചെടി
യ്ക്കീറനായല്ലോ മിഴികൾ
ഇല്ലായ്മ സമ്മതിക്കുമ്പോൾ - വേറെ
വല്ലായ്മയെന്തുള്ളു പാരിൽ
അന്നേരമുണ്ടാശിരസ്സിൽ - ഒരു



കുഞ്ഞുപൂവിന്റെ വിരിയൽ
രത്നം പതിച്ചതുപോലെ - അതിൻ
കാന്തിയെങ്ങും ചിതറുന്നു
കണ്ണഞ്ചുമാറായി വ്യോമം -മണ്ണിൽ
ഇത്രയുണ്ടാവുമോ ചന്തം
നക്ഷത്രമെത്ര നിസ്സാരം - ഇതാ
ഭൂമിയിലെ പൊന്നുതാരം
അത്രയും താഴ്മയിൽ നിന്നേ - വരൂ
ഇത്രയ്ക്കഴകു പൂവിന്നും

അമ്മു ക്ലാസ് 10

# പഴഞ്ചൊല്ലുകളും ശൈലികളും

എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം

ഉപ്പുതിന്നവൻ വെള്ളം കുടിക്കും

എടുത്തിട്ടാലും പൂച്ച നാലു കാലിൽ

ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും

ഒത്തുപിടിച്ചാൽ മലയും പോരും

കാക്ക കുളിച്ചാൽ കൊക്കാകുമോ

കുന്തം പോയാൽ കുടത്തിലും തപ്പണം

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

തുടക്കം നന്നായാൽ മുടക്കം വരില്ല

ശുദ്ധൻ ദുശ്ടന്റെ ഫലം ചെയ്യും

സൂക്ഷിച്ചാൽ ദുഖിക്കേണ്ട

അറിവാണ് ശക്തി

അട്ടയെ പിടിച്ച് മെത്തയിൽ കിടത്തിയാൽ കിടക്കില്ല

## ലിറ്റിൽ കൈറ്റ്സ്

